ഉദ്യോഗ സംവരണത്തിന് പുറമേ പി.എസ്.സി. പരീക്ഷകളിൽ ഗ്രേസ് മാർക്കും വയസ്സിളവും നൽകുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ യോഗ്യതകളിൽ പ്രതിരോധ സേനയിൽ നിന്നു ലഭിക്കുന്ന യോഗ്യതാ പരീക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പ്രവാസികൾക്കുള്ള സഹായങ്ങൾ

34 (2963)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ വകുപ്പിന്റെ വിദേശ മലയാളികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) ഏതെല്ലാം രാജ്യങ്ങളിലുള്ള പ്രവാസികളാണ് ഇപ്പോൾ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ളത്;

(ഡി) ഇതിൽ ഇതുവരെ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പദ്ധതിയെക്കുറിച്ച് വേണ്ടത്ര പ്രചാരവും ഗൾഫ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ മലയാളികളുടെ ഇടയിൽ ലഭ്യമാക്കിട്ടില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ പോരായ്മകൾ പരിഹരിച്ച് മുഴുവൻ പ്രവാസി കേരളീയരേയും ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധം-I ആയി കൊടുത്തിരിക്കുന്നു.†

(ബി) സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം ന്യൂ ഇന്ഡ്യാ അഷ്വറൻസ് കമ്പനിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശം അനുബന്ധം -II ആയി †കൊടുത്തിരിക്കുന്നു.

(സി) പ്രധാനമായും ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസി കേരളീയരാണ് ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളത്. അമേരിക്ക, കാനഡ, ജർമ്മനി, മലേഷ്യ, സീഷെൽസ്, ബ്രൂണൈ, എത്യോപ്യ എന്നീ രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികളും ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(ഡി) 62000-ത്തോളം പേർ.

(ഇ)&(എഫ്) കഴിയുന്നത്ര കൂടുതൽ പ്രവാസി കേരളീയരെ പദ്ധതിയിൽ ചേരാൻ പ്രേരിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ പദ്ധതിയെപ്പറ്റി വിവിധ

---

† അനുബന്ധം IV

† അനുബന്ധം V, VA

LIBRARY ARCHIVES Kerala Legislative Assembly

വാർത്താമാധ്യമങ്ങൾ വഴിയും മറ്റ് മാർഗ്ഗത്തിലും വ്യാപകമായ പ്രചാരം നടത്താൻ ഉദ്ദേശിക്കുന്നു.

ഗൾഫ് മലയാളികളുടെ പുനരധിവാസം

35 (2964)ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങി വരുന്ന മലയാളികളുടെ പുനരധിവാസത്തിനു വേണ്ടി ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇവർക്ക് തൊഴിൽ നൽകുന്നതിനും സ്വയംതൊഴിൽ കണ്ടു പിടിക്കുന്നതിനും എന്തെല്ലാം സഹായം നല്കി;

(സി) ഇവരിൽ എത്ര പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞു; എത്ര പേർ സ്വയംതൊഴിൽ കണ്ടെത്തി?

ഉത്തരം

(എ)&(ബി) ഇവരുടെ പുനരധിവാസം പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാക്കിക്കൊണ്ട് 'നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി' രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

സ്വന്തം വൈദഗ്ദ്ധ്യവും സമ്പത്തും പ്രയോജനപ്പെടുത്തി ഇവർക്ക് തൊഴിൽ കണ്ടെത്തുന്നതിനായി 'നോർക്ക', 'സ്റ്റഡ് പ്രോജക്ട്' എന്ന കേന്ദ്ര സർക്കാർ സ്ഥാപനം, പ്രവാസി ക്ഷേമ ഏജൻസി എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ വ്യവസായ സംരംഭക പരിശീലന പരിപാടികൾ നടത്തു കയും, കോഴിക്കോട് ഒഴിച്ച് മറ്റ് നാലു ജില്ലകളിൽ പ്രവാസി സംഘങ്ങളുടെ രൂപീകരണം നടത്തുകയും ചെയ്തു. മറ്റ് ജില്ലകളിലും ഇത്തരം സംഘങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

സർക്കാർ ഏജൻസികൾ നടപ്പാക്കുന്ന തൊഴിൽ പദ്ധതികളെപ്പറ്റി 'നോർക്ക' ഒരു പ്രസിദ്ധീകരണം പുറത്തിറക്കുകയുണ്ടായി.

വിദേശത്ത് നിന്ന് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസ ത്തിനായി 700 കോടി രൂപയുടെ ഒരു ഫണ്ട് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) തിരിച്ചെത്തിയവർക്ക് പ്രത്യേകമായി സർക്കാർ തൊഴിൽ കൊടുത്തിട്ടില്ല. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വേണ്ട ഉപദേശം മറ്റ് സഹായസഹകരണങ്ങൾ എന്നിവ നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്ര കാരം സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

17. എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ഒരു കിടക്ക വീതം സംവരണം.

18. ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ സ്ഥലംമാറ്റ സൗകര്യം

19. പഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിട നികുതി സൗജന്യം

20. യുദ്ധ വിധവകൾക്കും ധീരതാ പുരസ്കാരങ്ങൾ നേടിയ വർക്കും സൗജന്യ യാത്രാസൗകര്യം.

21. കാന്റീൻ സൗകര്യങ്ങൾ

22. വിമുക്തഭടൻമാർക്കും ആശ്രിതർക്കും മിലിട്ടറി ആശുപത്രിയിൽ സൗജന്യ ചികിത്സ

23. വിമുക്തഭടൻമാരുടെ ഭാര്യമാർക്ക് അദ്ധ്യാപക നിയമനത്തിൽ മറ്റ് യോഗ്യതകൾ തുല്യമാണെങ്കിൽ മുൻഗണന

24. യുദ്ധത്തിനിടയിൽ കൊല്ലപ്പെടുന്ന ഭടൻമാരുടെ ആശ്രിതർക്ക് 15000 രൂപയും പരുക്കേൽക്കുന്നവർക്ക് 3000 രൂപ മുതൽ 15000 രൂപവരെയും എക്സ്ഗ്രേഷ്യാ.

അനുബന്ധം - V
19.7.1999-ലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 34 (2963) ദയവായി കാണുക)

'നോർക്ക'യുടെ പ്രവർത്തനങ്ങൾ

1996-ൽ യു.എ.ഇ.യിൽ പൊതുമാപ്പ് പ്രഖ്യാപിച്ചപ്പോൾ കേരളീയരെ തിരിച്ചുകൊണ്ടുവരുന്നതിനായി കൂടുതൽ വിമാന-കപ്പൽ സർവീസുകൾ നടത്താൻ നോർക്കയുടെ ശ്രമഫലമായി കഴിഞ്ഞു. ഇവരിൽ തിരിച്ചു പോകാൻ ആഗ്രഹിച്ചവർക്ക് ആവശ്യമായ യാത്രാരേഖകൾ തയ്യാറാക്കുന്നതിനായി സംസ്ഥാനത്തെ മൂന്ന് പാസ്പോർട്ട് ഓഫീസുകളിലും സ്പെഷ്യൽ കൗണ്ടറുകൾ തുറന്നു. കൂടാതെ എയർ ഇൻഡ്യ വഴി സൗജന്യ നിരക്കിൽ യു.എ.ഇ.യിലേക്ക് കൊണ്ടുപോകുന്നതിനും ഏർപ്പാട് ചെയ്തു.

സൗദി അറേബ്യയിൽ നിന്ന് പൊതുമാപ്പിൽ തിരിച്ചെത്തിയ കേരളീയർക്ക് മുംബൈ വിമാനത്താവളം, തുറമുഖം, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ സഹായം എത്തിച്ചു. മുംബൈയിൽ ഇവരുടെ താമസം, ഭക്ഷണം, എന്നിവയ്ക്കും അവരെ കേരളത്തിൽ എത്തിക്കുന്നതിനും ആവശ്യമായ സഹായം ലഭ്യമാക്കി. കൂടാതെ സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഒരു സ്പെഷ്യൽ ട്രെയിൻ ഏർപ്പെടുത്തുകയും ചെയ്തു. അയ്യായിരത്തിലധികം കേരളീയർക്ക് ഇതിന്റെ പ്രയോജനം ലഭ്യമായി. ഇതിന് മേൽനോട്ടം വഹിക്കാനായി 'നോർക്ക' ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ആറംഗ ഉദ്യോഗസ്ഥ സംഘം മുംബൈയിൽ ക്യാമ്പ് ചെയ്തു പ്രവർത്തിച്ചു. റിയാദിലെ ഇൻഡ്യൻ എംബസിയുമായി നിരന്തരം ബന്ധപ്പെടുകയും അതുവഴി വിമാന-കപ്പൽ സർവ്വീസുകൾ ഏർപ്പെടുത്താനും കഴിഞ്ഞു.

വാഗ്ദാനം ചെയ്ത ജോലിയും ശമ്പളവും ലഭിക്കാതെ കുവൈറ്റ് എംബസിയിൽ അഭയം തേടിയ 182 നേഴ്സിംഗ് അസിസ്റ്റന്റുമാരെ സുരക്ഷിതരായി എംബസിയിൽ താമസിപ്പിക്കുന്നതിനും നാട്ടിൽ വരാനാഗ്രഹിച്ച 90 പേരെ നാട്ടിലെത്തിക്കുന്നതിനും വകുപ്പിന്റെ കൂടെ ശ്രമഫലമായി സാധിച്ചു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും കേന്ദ്ര തൊഴിൽ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുമായും ബന്ധപ്പെട്ടതു കൂടാതെ പ്രവാസി കേരളീയകാര്യ വകുപ്പു കുവൈറ്റിലെ ഇൻഡ്യൻ എംബസിയുമായി നിരന്തരം ബന്ധം പുലർത്തി വന്നിരുന്നു.

വാഗ്ദാനം ചെയ്യപ്പെട്ട തൊഴിൽ, ശമ്പളം, താമസ സൗകര്യം എന്നിവ ലഭിക്കാതെ വലയുന്ന കേരളീയർക്ക് ആവശ്യമായ സുരക്ഷ ഏർപ്പെടുത്തുന്നതിനും നാട്ടിലെത്തിക്കുന്നതിനും എംബസികളുടെ സഹായത്തോടെ പ്രവർത്തിച്ചു വരുന്നു. സ്പോൺസർമാർ കൈയൊഴിയുന്ന വീട്ടുജോലിക്കാരായ കേരളീയ വനിതകൾ എന്നിവരുടെ പ്രശ്നങ്ങളും ഈ വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ട്.

വിദേശത്ത് മരണമടഞ്ഞ 250 ലധികം കേരളീയരെ നാട്ടിലെത്തിക്കുന്നതിനാവശ്യമായ സഹായം 'നോർക്ക' വഴി നൽകിയിട്ടുണ്ട്.

നോർക്കയും ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി ചേർന്നു നടപ്പാക്കിയ അപകട ഇൻഷ്വറൻസ് പദ്ധതിയായ 'പ്രവാസി സുരക്ഷയിൽ' 62000-ഓളം അധികം കേരളീയർ അംഗത്വം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ ആകർഷകമാക്കി. ഈ സ്കീമിൽ ഒരു കോടിരൂപയോളം ഇൻഷ്വറൻസ് തുക വിതരണം ചെയ്തു കഴിഞ്ഞു. കുടുംബ ആരോഗ്യ എന്ന ചികിത്സാ പദ്ധതിയും നടപ്പിലാക്കി. ഇതിൽ 1600 ലധികം ആൾക്കാർ അംഗത്വം എടുത്തിട്ടുണ്ട്.

അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിന് പോലീസ്, കേന്ദ്ര തൊഴിൽ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

നോർക്കയുടെ കീഴിൽ ഒരു സ്വതന്ത്ര ഏജൻസിയായി 'നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസി' പ്രവർത്തിക്കുന്നു. ഈ ഏജൻസി പ്രവാസി കേരളീയർക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾക്ക് രൂപം നൽകി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളതാണ്.

ഗുരുവായൂർ, വർക്കല, തിരുവല്ല, പയ്യന്നൂർ എന്നിവിടങ്ങളിൽ വിദേശത്ത് നിന്ന് തിരിച്ചുവന്നവർക്കായി എൻട്രപ്പെണർഷിപ്പ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ 'സ്റ്റെഡ്' പ്രോജക്ട് വഴിയായി സംഘടിപ്പിച്ചു.

ഇൻഡ്യയ്ക്കകത്ത് മറ്റ് സംസ്ഥാനങ്ങളിൽ കാണാതാകുന്ന കേരളീയരെ കണ്ടുപിടിക്കുന്നതിനും വിദേശ കേരളീയരുടെ നാട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നോർക്ക ശ്രമിച്ചു വരുന്നു.

നോർക്കയിൽ ഒരു ഒരു 'ഫോറിൻ ഇൻവെസ്റ്റ്മെന്റ് സെൽ' സ്ഥാപിച്ചിട്ടുണ്ട്. വിദേശ കേരളീയർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുക എന്നതാണ് ഇതിന്റെ ആവശ്യം.

നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസി വഴി ഒരു പെൻഷൻ ഫണ്ട്, ഫ്രീ ഡിപ്പാർച്ചർ ട്രെയിനിംഗ് കേരളത്തിലെ വിമാനത്താവളങ്ങൾക്ക് സമീപം താൽക്കാലിക വിശ്രമ കേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്ന കാര്യം പരിഗണിച്ചുവരികയാണ്. കൂടാതെ പ്രവാസി കേരളീയരുടെ നിക്ഷേപം ആകർഷിക്കുന്നതിനായി ഒരു ഇൻഫ്രാസ്ട്രക്ച്ചർ ഇനിഷ്യേറ്റീവ് ഫണ്ടും രൂപീകരിക്കുന്നുണ്ട്.

അനുബന്ധം V A

(9.7.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 34 (2963) ദയവായി കാണുക)

742/2010.

LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതി

സവിശേഷതകൾ

പ്രവാസി സുരക്ഷ..

വിദേശത്ത് ജോലിയുള്ള 70 വയസ്സിൽ താഴെയുള്ള ഏതൊരു വ്യക്തിക്കും ഇതിൽ ചേരാവുന്നതാണ്.

നാട്ടിലോ വിദേശത്തോ ഉള്ള ജീവിത പങ്കാളിയേയും മൂന്ന് മാസത്തിനു മുകളിലും ജോലിയില്ലാത്തവരും 25 വയസ്സിന് താഴെയുള്ളവരുമായ ആൺകുട്ടികളെയും അവിവാഹിതരായ പെൺകുട്ടികളെയും ചേർക്കാവുന്നതാണ്.

ഒരിക്കൽ തുച്ഛമായ അംഗത്വഫീസ് അടച്ചാൽ പരിരക്ഷ അഞ്ച് വർഷത്തേക്ക് തുടർച്ചയായി ലഭിക്കുന്നു.

ലോകത്തെവിടെവച്ചും അപകടം മൂലമുണ്ടാകുന്ന മരണത്തിനും സ്ഥിരവും പൂർണ്ണവുമായ ശാരീരിക വൈകല്യത്തിനും, കണ്ണ്, കൈ, കാൽ എന്നിവയുടെ പൂർണ്ണവൈകല്യത്തിനും 5 ലക്ഷം രൂപ വരെയോ (PS-I) 10 ലക്ഷം രൂപവരെയോ (PS -II) പരിരക്ഷയുള്ള രണ്ടു സ്കീമുകൾ

രണ്ട് സ്കീമുകളിലും വിദേശത്തുവച്ച് അസുഖമോ അപകടമോമൂലം മരണം സംഭവിച്ചാൽ ശരീരം നാട്ടിൽ കൊണ്ടുവരുന്നതിനും കൂടെ ഒരാൾ പോരുന്നതിനും ഉള്ള വിമാന യാത്രകൂലി ഉൾപ്പെടെ മരണാനന്തര ചെലവുകൾക്ക് മുകളിൽ കാണിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 50,000 രൂപ.

പ്രവാസി സുരക്ഷ പദ്ധതിപ്രകാരം ക്ലെയിമിൽ കലാശിക്കുന്ന അപകടം മൂലം ചികിത്സാർത്ഥം നാട്ടിലേക്ക് മടങ്ങേണ്ടിവന്നാൽ പരിക്കേറ്റു മടങ്ങുന്ന ആളിന്റെയും കൂടെ പോരുന്ന ഒരാളുടെയും വിമാന യാത്രാ ചെലവ്

കുടുംബ ആരോഗ്യ .

അപകടമോ അസുഖമോമൂലം ഇൻഡ്യയിലുള്ള ഏതെങ്കിലും ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള ചെലവുകളാണ് കുടുംബ ആരോഗ്യ പദ്ധതിയിൽ ചേരുന്നവർക്ക് ലഭ്യമാകുന്നത്.

ഇതിൽ വിദേശത്ത് ജോലിയുള്ള ആളിനൊപ്പം നാട്ടിലോ വിദേശത്തോ ഉള്ള കുടുംബാംഗങ്ങൾക്കും ചേരാവുന്നതാണ്. ഒപ്പം 70 വയസ്സിൽ താഴെയുള്ള മാതാപിതാക്കളെയും ചേർക്കാം.

ചേരുന്ന സമയത്ത് ഒരേഒരു തവണയായി തുച്ഛമായ അംഗത്വഫീസ് അടച്ചാൽ അഞ്ച് വർഷത്തേക്ക് തുടർച്ചയായി പരിരക്ഷ ലഭിക്കുന്നു.

ഒരു ലക്ഷത്തിന്റെയും (KA-I) രണ്ട് ലക്ഷത്തിന്റെ (KA-II) യുമായി രണ്ട് സ്കീമുകളാണ് ഈ പദ്ധതിയിലുള്ളത്.

ഒരു ലക്ഷം/രണ്ട് ലക്ഷം രൂപവരെയുള്ള ആശുപത്രി ചെലവുകൾ അഞ്ച് വർഷ കാലാവധിക്കുള്ളിൽ കുടുംബത്തിലുള്ള ഒരാൾക്ക് മാത്രമായോ ചേർന്നിരിക്കുന്ന എല്ലാവർക്കും കൂടിയോ ലഭ്യമാകുന്നതാണ്. അതായത് ഓരോ അംഗത്തിനും പ്രത്യേക തുക പരിധിയില്ല.

വിദേശത്തുള്ള ആൾക്ക് ഹൃദയം, വൃക്ക, തലച്ചോറ്, കരൾ എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗാവസ്ഥയ്ക്കും, ക്യാൻസറിനും, അപകടംമൂലമുണ്ടാകുന്ന ഗുരുതരമായ പരിക്കുകൾക്കും ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സാർത്ഥം ഇന്ത്യയിലേക്ക് വരാനുള്ള വിമാനക്കൂലിയും ഈ പദ്ധതിയുടെ പരിധിയിൽ ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മുകളിൽ പറഞ്ഞ 50,000/- രൂപയുടെ പരിധിക്കുള്ളിൽ ലഭിക്കുന്നു.

മേൽപ്പറഞ്ഞവ ഈ പദ്ധതിയിൽ ചേർന്നിരിക്കുന്ന ഓരോരുത്തർക്കും ലഭിക്കുന്നു.

ഇതിനുപുറമേ അപകടംമൂലം വിദേശത്തു ജോലിയുള്ള ആൾ മരിച്ചാൽ വിദ്യാഭ്യാസം തുടരുവാൻ 25 വയസ്സിൽ താഴെയുള്ള 2 കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 50,000/- രൂപ വീതവും.

അവിവാഹിതരായ രണ്ട് പെൺകുട്ടികൾക്ക് വിവാഹസഹായധനമായി 50,000/- രൂപ വീതവും

കുടുംബാംഗങ്ങളിൽ ആരെങ്കിലും (ജീവിതപങ്കാളി അല്ലെങ്കിൽ കുട്ടികളിൽ ഒരാൾ) അപകടംമൂലം മരിച്ചാൽ നാട്ടിൽ പോയി മടങ്ങി വരാനുള്ള വിമാനയാത്രാക്കൂലി(50,000/-) രൂപ വരെ)

യഥാർത്ഥത്തിൽ 5 ലക്ഷം രൂപയുടെ സ്കീമിൽ 8 ലക്ഷം രൂപവരെയും 10 ലക്ഷം രൂപയുടെ സ്കീമിൽ 13 ലക്ഷം രൂപവരെയും പ്രയോജനം ലഭിക്കുന്നു.

ലോകത്ത് എവിടെ വച്ച്, ഏത് സമയത്ത് അപകടം സംഭവിച്ചാലും ആനുകൂല്യങ്ങൾ ലഭിക്കുന്നു. ജോലി ഉപേക്ഷിച്ചോ അവധിയിലോ നാട്ടിലുള്ള സമയത്തും പരിരക്ഷ തുടരുന്നു.

മറ്റ് ഇൻഷ്വറൻസ് പദ്ധതികളിൽ അംഗത്വമുണ്ടെങ്കിലും ഈ പദ്ധതിയുടെ ആനുകൂല്യം അവയ്ക്ക് പുറമേ ലഭിക്കും.

ക്ലെയിം ഫാറം വാങ്ങി അതിൽ പറഞ്ഞിരിക്കുന്ന രേഖകൾ എത്രയും പെട്ടെന്ന് ഹാജരാക്കേണ്ടതാണ്. രേഖകളെല്ലാം ശരിയായി ലഭിച്ച് 15 ദിവസത്തിനകം ക്ലെയിമിൽ തീർപ്പു കൽപ്പിക്കുന്നതാണ്.

5 ലക്ഷം രൂപയുടെ സ്കീമിൽ ചേരുന്നതിന് 990/- രൂപയും 10 ലക്ഷം പദ്ധതിയിൽ ചേരുന്നതിന് മുമ്പ് വൈദ്യപിരശോധന ആവശ്യമില്ല. അംഗങ്ങളുടെ ആരോഗ്യം സംബന്ധിച്ച സത്യപ്രസ്താവന ചേർക്കുന്ന ആൾ നൽകിയാൽ മതിയാകും.

ചേർന്നിരിക്കുന്ന ആൾ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടാലുടൻ തന്നെ, പോളിസിയിൽ പറഞ്ഞിരിക്കുന്ന ക്ലെയിം സംബന്ധമായി ബന്ധപ്പെടേണ്ട ഞങ്ങളുടെ ഓഫീസിൽ സർട്ടിഫിക്കറ്റ് നമ്പർ കാണിച്ച്, പോളിസിയോടൊപ്പം തന്നിരിക്കുന്ന ഫാറത്തിൽ വിവരം അറിയിക്കേണ്ടതാണ്.

തിരികെ ലഭിക്കുന്ന ക്ലെയിം ഫാറം, ആശുപത്രിയിൽ നിന്നും ഇറങ്ങി 15 ദിവസത്തിനകം പൂരിപ്പിച്ച്, ബില്ലുകളും, മെഡിക്കൽ റിപ്പോർട്ടും സഹിതം പ്രസ്തുത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ശരിയായ രേഖകളെല്ലാം ലഭിച്ചാൽ 15 ദിവസത്തിനുള്ളിൽ ക്ലെയിമിൽ തീർപ്പു കൽപ്പിക്കുന്നതാണ്.

സൈനസൈറ്റീസ്, പൈൽസ്, തിമിരം, ഹെർണിയ, ഗർഭപാത്രം നീക്കം ചെയ്യൽ എന്നിങ്ങനെ പോളിസിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില അസുഖങ്ങൾക്കുള്ള ചെലവ് ആദ്യവർഷം ലഭിക്കുന്നതല്ല.

പദ്ധതിയിൽ ചേർന്ന് ആദ്യത്തെ 30 ദിവസങ്ങൾക്കുള്ളിൽ ഉണ്ടാകുന്ന അസുഖങ്ങൾക്ക് ചികിത്സാചെലവുകൾ ലഭിക്കുന്നതല്ല. പക്ഷെ അപകടംമൂലമുള്ളവയ്ക്ക് ലഭിക്കും

ചേരുന്ന സമയത്തുള്ള അസുഖങ്ങളും ഇതിനുമുമ്പ് വന്നിരിക്കുന്ന അസുഖങ്ങളും ഫാറത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഇവയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതല്ല.

ഭർത്താവ്, ഭാര്യ, രണ്ട് കുട്ടികൾ (മൂന്ന് മാസമെങ്കിലും പ്രായമുള്ളതും, അവിവാഹിതരായ പെൺമക്കളും, ജോലിയില്ലാത്തവരും 25 വയ

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടേതിന് 1,600/- രൂപയും മാത്രമാണ് ഒരാൾക്ക് അഞ്ച് വർഷത്തേക്കായി ഒരേഒരു തവണ അടയ്ക്കേണ്ടത്.

സ്സിൽ താഴെയുള്ളവരുമായ ആൺമക്കളും) എന്നിവരടങ്ങുന്ന ഒരു കുടുംബത്തിന് ഒരുലക്ഷം രൂപയുടെ സ്കീമിൽ ചേരുന്നതിന് 2,500/- രൂപ മാത്രമേ ഒരേഒരുതവണയായി അടയ്ക്കേണ്ടതുള്ളൂ. (രണ്ട് ലക്ഷത്തിന്റെ പദ്ധതിക്ക് രൂപ 4875 മാത്രവും)

നിർദ്ദേശങ്ങൾ

പ്രവാസി സുരക്ഷ....

ഒരു കുടുംബത്തിൽ നിന്ന് ഒരു വ്യക്തിയിൽ കൂടുതൽ ഒരേ അപേക്ഷയിലൂടെ ചേർന്നാൽ എല്ലാവരുടെയും അംഗത്വഫീസിൽ 10% കിഴിവ് ലഭിക്കുന്നതാണ്.

ഭാര്യക്കും ഭർത്താവിനും വിദേശത്തു ജോലിയുണ്ടെങ്കിൽ രണ്ടു പേർക്കും ഒരേതുകയുടെ (അഞ്ചുലക്ഷമോ പത്തു ലക്ഷമോ) സ്കീമിൽ ചേരാവുന്നതാണ്. ഒരാൾക്ക് മാത്രമേ വിദേശത്തു ജോലിയുള്ളൂവെങ്കിൽ ജോലിയുള്ള ആൾ ചേരുന്ന തുകയുടെ പകുതി തുകയ്ക്ക് മാത്രമേ മറ്റേ ആൾ ചേരാവൂ. കുട്ടികൾക്ക് ഇരുപത്തഞ്ച് ശതമാനവും.

കുടുംബാംഗങ്ങളും വിദേശത്തുള്ള ആളും ഒരേ സ്കീമിൽ തന്നെ അംഗത്വം എടുക്കേണ്ടതാണ്. ഒരാൾ PS-I-ലും മറ്റൊരംഗം PS-II-ലുമായി ചേരാൻ പാടില്ല.

കുടുംബ ആരോഗ്യ പദ്ധതിയിൽ കുടുംബാംഗങ്ങളോടൊപ്പമോ തനിച്ചോ ചേരാൻ ആഗ്രഹിക്കുന്ന വിദേശത്തുള്ള ആൾ നിർബന്ധമായും ഈ പ്രവാസി സുരക്ഷ പദ്ധതിയിടെ ഏതെങ്കിലും ഒരു സ്കീമിൽ (PS-I or PS-II) ചേർന്നിരിക്കണം. ഇതിൽ ചേരുന്ന വിദേശത്തുള്ള ആളിനൊപ്പം ആരോഗ്യ പദ്ധതിയിൽ മാത്രമായി തന്നോടൊപ്പം കുടുംബാംഗങ്ങളെ ചേർക്കാം. അതായത് പ്രവാസി

കുടുംബാരോഗ്യ.....

അടുത്തപേജിൽ കാണിച്ചിരിക്കുന്ന പ്രകാരം രണ്ടിൽ കൂടുതൽ കുട്ടികളെയും ഇതിൽ ഉൾപ്പെടുത്താം.

വിദേശത്തുള്ള ആളിന്റെ മാതാപിതാക്കളെ (70 വയസ്സിൽ താഴെയുള്ള) ഈ പദ്ധതിയിൽ ചേർക്കാം. പക്ഷേ വിവാഹിതനായ/യായ NRI തന്നോടൊപ്പം സ്വന്തം കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തിയാൽ മാത്രമേ ഇതു സാധിക്കുകയുള്ളൂ. അവിവാഹിതനായ/യായ NRI-ക്ക് താനുൾപ്പെടെ മാതാപിതാക്കളെയും ചേർക്കാവുന്നതാണ്.

കുടുംബാംഗങ്ങളെ ചേർത്താലുള്ള 10% കിഴിവ് ആരോഗ്യപദ്ധതിയിൽ ലഭിക്കുന്നതല്ല.

കുടുംബാംഗങ്ങളും വിദേശത്തുള്ള ആളും ഒരേ സ്കീമിൽ തന്നെ അംഗത്വം എടുക്കേണ്ടതാണ്. ഒരാൾ KA-I ലും മറ്റൊരംഗം KA-II ലുമായി ചേരാൻ പാടില്ല.

വിദേശത്തുള്ള കുടുംബനാഥൻ അഥവാ കുടുംബനാഥ പ്രവാസി സുരക്ഷ അപകടപദ്ധതിയിൽ (PS-I or PS-II) അംഗമായാൽ മാത്രമേ "ആരോഗ്യ" പദ്ധതിയിൽ ചേരാനും കുടുംബാംഗങ്ങളെ ഇതിൽ ഉൾപ്പെടുത്താനും സാധിക്കുകയുള്ളൂ. അതായത്,കുടുംബാംഗങ്ങളെ "ആരോഗ്യ" പദ്ധതിയിൽ ചേർക്കണമെങ്കിൽ വിദേശത്തുള്ള ആൾ രണ്ട് പദ്ധതികളിലും

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷ (അപകട) പദ്ധതിയിൽ മാത്രമായി ചേരാൻ സാധിക്കും. പക്ഷെ ആരോഗ്യ പദ്ധതിയിൽ കുടും ബാംഗങ്ങളെ ചേർക്കണമെങ്കിൽ NRI എങ്കിലും നിർബന്ധമായും പ്രവാസി സുരക്ഷ പദ്ധതിയിൽ ചേർന്നിരി ക്കണം. നേരത്തെയുള്ള പ്രവാസി സുരക്ഷ പദ്ധതിയിൽ അംഗമായിരു ന്നാലും മതിയാകും. അപേക്ഷാ ഫാറത്തിൽ ഇതിന്റെ വിശദവിവര ങ്ങൾ കാണിക്കണം.

അംഗമായിരിക്കണം. നേരത്തെയുള്ള പ്രവാസി സുരക്ഷ പദ്ധതിയിൽ അംഗ മായിരുന്നാലും മതിയാകും.

അപേക്ഷാ ഫാറത്തിൽ പദ്ധതിയിൽ ചേരുന്നവരുടെ ജനനത്തീയതി, വയസ്സ് ഇപ്പോഴുള്ളതും മുമ്പ് വന്നിട്ടു ള്ളതുമായ അസുഖങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

Salient Features & Premium

Pravasi Suraksha (PS)

One time Premium for 5 years	PS-I (CSI Rs.5 lakhs)			PS-II (CSI Rs. 10 lakhs)		
	NRI	Spouse	child	NRI	Spouse	child
	990	650	500	1600	990	650
Benefits following Accident (In lakhs)						
I) Permanent Total Disability	5.0	2.5	1.25	10.0	5.0	2.5
II) Loss of 1 eye or 1 limb	2.5	1.25	0.625	5.00	2.5	1.25
III) Loss of Two limbs or Two Eyes or One limb and One Eye	5.0	2.5	1.25	10.0	5.0	2.5
IV) Deaf	5.0	2.5	1.25	10.0	5.0	2.5
V) Repatriation of charges of body (death due to illness or accident) including airfare for an accompanying person	Rs. 50,000/- for each					
VI) In case of death due to accident of NRI						
a) Education Grant for Two Children	Rs. 50,000/- each					
b) Marriage Grant for two unmarried daughters	Rs. 50,000/- each					
VII) To and fro airfare for NRI to attend last rites in the event of death of spouse or any children due to accident	Rs. 50,000/-					

Kudumba Arogya (KA)

Hospitalisation expenses available to NRI (and family) for 5 years either jointly or individually including airfare to India for treatment of major ailments/ greavious injury	KA-I	KA-II
	Rs. 1,00,000	Rs. 2,00,000
One time Premium payable at inception:		
1) NRI alone	Rs. 1,500	Rs. 2,925
2) Second member (NRI + Spouse or One Child) Rs. 1950 or 3800)	+450	+875
3) Third Member (NRI+Spouse+One Child) (Rs. 2250 or 4390)	+300	+590
4) Fourth Member (NRI+Spouse+Two Children) (Rs. 2500 or 4875)	+250	+490
5) Child exceeding two nos	+250 each	+490 each
6) Parents below 70 years (if NRI is married, other members of family also to be included)	+650 each	+1270 each

PS alone can be availed by NRI. But it is compulsory that atleast NRI is a member of PS to Join KA; NRI has to join both the schemes to enrol family members under KA.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അംഗത്വഫീസും ആനുകൂല്യങ്ങളും

പ്രവാസി സുരക്ഷ Pravasi Suraksha (PS)	PS-I (രൂപ)	PS-II (രൂപ)	കുടുംബ ആരോഗ്യ..... Kudumba Arogya (KA)	KA-I (രൂപ)	KA-II (രൂപ)
5 വർഷത്തേക്ക് ഒന്നിച്ചടയ്ക്കേണ്ട സംഖ്യ ആനുകൂല്യങ്ങൾ	ഭർത്താവ്/ഭാര്യ/ കുട്ടി 990/- 650/- 500/-	ഭർത്താവ്/ഭാര്യ/കുട്ടി 1600/- 990/- 650/-	പദ്ധതിയിൽ ചേരുന്ന കുടുംബാംഗങ്ങൾക്ക് മൊത്തമായി അഞ്ച് വർഷ കാലാവധിക്കുള്ളിൽ പലതവണയായോ ഒരാൾക്ക് മാത്രമായോ എല്ലാവർക്കും കൂടിയോ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്താവുന്ന പരമാവധി തുക: (ഗുരുതരമായ പരുക്കുമൂലമോ, മാരകമായ രോഗങ്ങളോടെയോ ചികിത്സാർത്ഥം ഇന്ത്യയിലേക്കുള്ള വിമാനയാത്രാക്കൂലി ഉൾപ്പെടെ)	100000	200000
1. a) അപകടം അല്ലെങ്കിൽ അസുഖം മൂലമുള്ള മരണം ഇന്ത്യക്ക് വെളിയിൽ സംഭവിച്ചാൽ ശരീരം കൊണ്ടുവരുന്നതിനും കൂടെ ഒരാൾ പോരുന്നതിനും ഉള്ള ചെലവുൾപ്പെടെ മരണാനന്തര ചടങ്ങുകൾക്കും അല്ലെങ്കിൽ 1. b) പ്രവാസി സുരക്ഷാ പദ്ധതി പ്രകാരം പ്ലെയിമിൽ കലാശിക്കുന്ന അപകടംമൂലം ചികിത്സാർത്ഥം നാട്ടിലേക്ക് മടങ്ങേണ്ടി വന്നാൽ, കൂടെ പോരുന്ന ആളിന്റെ വിമാന യാത്രാ ചെലവുൾപ്പെടെ ലഭിക്കുന്ന തുക.	50,000 വീതം	50,000 വീതം	പദ്ധതിയിൽ ചേരുന്ന സമയത്ത് 5 വർഷത്തേയ്ക്കായി ഒന്നിച്ചടക്കേണ്ട തുക		
2. അപകടം മൂലം വിദേശത്തു ജോലിയുള്ള ആൾ മരിച്ചാൽ			1. വിദേശത്തുള്ള (NRI) ആൾ മാത്രം	1500/-	2925/-
a) വിദ്യാഭ്യാസം തുടരുന്നതിനായി രണ്ടു കുട്ടികൾക്ക്	50,000 വീതം	50,000 വീതം	2. രണ്ടാമത്തെ അംഗം (ജീവിതപങ്കാളി അഥവാ ഒരു കുട്ടി അതായത്, NRIയും ഒരംഗവും കൂടി മാത്രം ചേർന്നാൽ 1500+450=1950/- അല്ലെങ്കിൽ 2925+875=3800/-(മാതാപിതാക്കൾ അല്ലാതെ രണ്ടു പേർ)	+450/-	+875/-
b) വിവാഹം കഴിക്കാത്ത രണ്ടു പെൺകുട്ടികൾക്ക് വിവാഹ സഹായധനം	50,000 വീതം	50,000 വീതം			

LIBRARY ARCHIVES Kerala Legislative Assembly

3. കുടുംബാംഗങ്ങളിൽ ആരെങ്കിലും (ജീവിത പങ്കാളി അല്ലെങ്കിൽ കുട്ടികളിൽ ഒരാൾ) അപകടം മൂലം മരിച്ചാൽ NRI-ക്ക് നാട്ടിൽ പോയി മടങ്ങാനുള്ള വിമാനയാത്രാക്കൂലി.	50,000 വരെ			50,000 വരെ			3. മൂന്നാമത്തെ അംഗം (NRI-യും ജീവിത പങ്കാളിയും ഒരു കുട്ടിയും, അഥവാ രണ്ടു കുട്ടികൾ ആകെ മൂന്നു പേരാണെങ്കിൽ) 1500+450+300=2250/-അല്ലെങ്കിൽ 2925+875+590=4390/- (മാതാപിതാക്കൾ അല്ലാതെ മൂന്നു പേർ)	+300/-	+590/-
4. സ്ഥിരവും പൂർണ്ണവുമായ ശാരീരിക വൈകല്യം	(ലക്ഷത്തിൽ)			(ലക്ഷത്തിൽ)							
5. ഒരു കണ്ണ് അല്ലെങ്കിൽ ഒരു കൈ അല്ലെങ്കിൽ ഒരു കാല് പൂർണ്ണമായി നഷ്ടപ്പെട്ടാൽ	5.0	2.5	1.25	10.0	5.0	2.5					
6. രണ്ടു കണ്ണോ, രണ്ടു കൈകളോ, രണ്ടു കാലുകളോ അല്ലെങ്കിൽ ഇവ മൂന്നിൽ ഏതെങ്കിലും രണ്ട് നഷ്ടപ്പെട്ടാൽ	2.5	1.25	0.625	5.0	2.5	1.25					
7. അപകടം മൂലം മരണം സംഭവിച്ചാൽ	5.0	2.5	1.25	10.0	5.0	2.5	4. നാലാമത്തെ അംഗം NRI-യും ജീവിതപങ്കാളിയും രണ്ടു കുട്ടികളുമാണെങ്കിൽ, 1500+450+300+250=2500/- അല്ലെങ്കിൽ 2925+875+590+490=4880 (മാതാപിതാക്കൾ അല്ലാതെ നാലുപേർ)	+250/-	+490/-
	5.0	2.5	1.25	10.0	5.0	2.5					
							5. രണ്ടിൽ കൂടുതലുള്ള ഓരോ കുട്ടിക്കും (മാതാപിതാക്കൾ അല്ലാതെ അഞ്ചാമത്തെ ആൾ)	+250/- വീതം	+490/- വീതം
							6. 70 വയസ്സിൽ താഴെയുള്ള മാതാപിതാക്കൾ (വിവാഹം കഴിഞ്ഞ NRI ആണെങ്കിൽ മറ്റു കുടുംബാഗങ്ങളെയും ചേർത്തിരിക്കണം)	+650/-	+1270/-

<u>കുറിപ്പ്</u> അപകടം സംഭവിക്കുന്നത് മയക്കുമരുന്ന്/മദ്യം എന്നിവയുടെ സ്വാധീനത്തിലുള്ള സമയത്താ, കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെ നിയമലംഘനം നടത്തുന്നതിനിടയിലോ ആണെങ്കിലും, ആത്മഹത്യ, ആത്മഹത്യാശ്രമം, യുദ്ധം എന്നിവ മൂലമുള്ള മരണമോ അംഗവൈകല്യമോ ആണെങ്കിലും, ഈ പദ്ധതിയിൽ യാതൊരു നഷ്ടപരിഹാരവും ലഭിക്കുന്നതല്ല.